## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 113** **07-10-2024 - ൽ മറുപടിയ്ക്ക്**

## പോലീസിന്റെ പ്രവർത്തനങ്ങളിൽ വർഗീയശക്തികളുടെ ഇടപെടൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എ.ഡി.ജി.പി.യും ആർ. എസ്സ്. എസ്സ്. നേതാക്കളും കൂടിക്കാഴ്ച നടത്തിയതായുള്ള ആരോപണത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത സംഘടന ആഭ്യന്തരവകുപ്പിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന രീതിയിൽ ഇടപെടുന്നതായി ആരോപണം ഉയർന്നിരിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; നിജസ്ഥിതി വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി, ആർ എസ് എസ് നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയെന്ന വാർത്തയെ തുടർന്ന് പ്രസ്തുത വിഷയം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയെ ചുമതലപെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | സംസ്ഥാന പോലീസിന്റെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും വർഗീയശക്തികളുടെ ഇടപെടൽ ഉള്ളതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | **സംസ്ഥാന പോലീസിന്റെ പ്രവർത്തനങ്ങളിൽ വർഗീയ ശക്തികളുടെ ഇടപെടൽ ഉണ്ടെന്ന തരത്തിലുള്ള യാതൊരു റിപ്പോർട്ടുകളും ലഭിച്ചിട്ടില്ല.** |
| (സി) | ഇത്തരം ആപൽക്കരമായ പ്രവണതകളെ തടയുന്നതിന് എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | (ബി) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ